# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.426

## 29-11-2018-ലെ മറുപടിക്ക്

## സെറിഫെഡ് തൊഴിലാളികൾക്ക് വേതന കുടിശ്ശിക

| ചോദ്യം<br>ശ്രീ.എ.എം.ആരിഫ് | ഉത്തരം<br>ഡോ.റ്റി.എം.തോമസ് ഐസക്<br>(ബഹു.ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) ചേർത്തല മണ്ഡലത്തിലെ പട്ടണക്കാട്ടും കാസർഗോഡ് ഉദുമയിലും പ്രവർത്തനം നിലച്ച സെറിഫെഡ് സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ലഭിച്ചിരുന്ന വളരെ തുച്ഛമായ വേതനത്തിന്റെ 2 വർഷത്തിലധികമുള്ള കുടിശ്ശിക നൽകുന്നതിനായി ഖാദിബോർഡ് സമർപ്പിച്ച സാമ്പത്തിക അനുമതിയ്ക്കായുള്ള പ്രൊപ്പോസലിന്മേൽ ധനകാര്യ വകുപ്പ് എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്; | ചേർത്തല മണ്ഡലത്തിലെ പട്ടണക്കാട്ടും കാസർഗോഡ് ഉദുമയിലും പ്രവർത്തനം നിലച്ച സെറിഫെഡ് സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ലഭിച്ചിരുന്ന വളരെ തുച്ഛമായ വേതനത്തിന്റെ 2 വർഷത്തിലധികമുള്ള കുടിശ്ശിക നൽകുന്നതിനായി ഖാദിബോർഡ് സമർപ്പിച്ച സാമ്പത്തിക അനുമതിയ്ക്കായുള്ള പ്രൊപ്പോസൽ ധനകാര്യവകുപ്പിൽ ലഭിച്ചിട്ടില്ല. |
| (ബി) ഇക്കാര്യത്തിൽ ഗൗരവപൂർണ്ണമായ പരിഗണന നൽകുന്നതിന് തയ്യാറാകുമോ; | പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) പട്ടണക്കാട്ടെ റീലിംഗ് യൂണിറ്റിന്റെ പുനരുദ്ധാരണത്തിന് സാമ്പത്തികാനുമതി തേടി എന്തെല്ലാം പ്രൊപ്പോസലുകളാണ് ഖാദിബോർഡ് സമർപ്പിച്ചിട്ടുള്ളത്; ആയതിന് സാമ്പത്തികാനുമതി നൽകി നടപ്പാക്കുമോ? | പട്ടണക്കാട്ടെ റീലിംഗ് യൂണിറ്റിന്റെ പുനരുദ്ധാരണത്തിനായി 50 ലക്ഷം രൂപയുടെ അധികധനാനുമതിയ്ക്കായി ധനവകുപ്പിൽ പ്രൊപ്പോസൽ ലഭിക്കുകയും ആയത് പി.യു-ഡി1/49/2016-ധന നമ്പർ ഫയലിൽ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. സെറിഫെഡിന്റെ പ്രവർത്തനം ലാഭകരമല്ലാതെ വന്നതിനെ തുടർന്ന് 2010-ൽ സർക്കാർ ടി |

| | |
|---|---|
| | സ്ഥാപനത്തെ liquidate ചെയ്യുന്നതിനും ആസ്തികൾ ഖാദിബോർഡിന് കൈമാറുന്നതിനും ജീവനക്കാരെ LSGD/CRD/KKVIB എന്നിവിടങ്ങളിലേക്ക് പുനർ വിന്യസിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. തുടർന്ന് 05.08.2015 തീയതിയിലെ സ.ഉ (കൈ) 109/2015/വ്യവ നമ്പർ പ്രകാരം സെറിഫെഡിനെ പുനരുജ്ജീവിപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് പട്ടുനൂൽകൃഷി മേഖലയിലെ തൊഴിലാളി ക്ഷാമം, ശുഷ്കമായ വിപണന സാദ്ധ്യത, സാങ്കേതികപരിജ്ഞാനത്തിന്റെ അപര്യാപ്തത ഇവ പരിഗണിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനു മുൻപ് വിശദമായ പഠനം ആവശ്യമായതിനാൽ ടി പ്രൊപ്പോസൽ തൽകാലം പരിഗണിക്കേണ്ടതില്ല എന്ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ